**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണം- ഇൻഫർമേഷൻ കേരള മിഷന് തുക നൽകൽ- അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ ( ഐ.ബി) വകുപ്പ്**

ജി.ഒ (എം.എസ്) നമ്പർ.98/2008/ത.സ്വ.ഭ.വ തിരുവനന്തപുരം. തീയതി :27.03.2008

---

സൂചന :(1). ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 11.03.2008-ലെ 1214/എസ്റ്റാ/2008/ഐ.കെ.എം നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

(2). വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 26.03.2008-ലെ യോഗത്തിലെ തീരുമാനം.

**<u>ഉത്തരവ്</u>**

തദ്ദേശഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനുള്ള ചുമതല ഇൻഫർമേഷൻ കേരള മിഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അതിനുള്ള ചെലവ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും വഹിക്കുവാൻ അനുവാദം നൽകിയിട്ടുള്ളതാണ്.

2. ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിയ വകയിൽ ഉണ്ടായിട്ടുള്ള ചെലവുകൾ കുടിശികയാണെന്നും ആ തുക ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ സൂചന ഒന്നിലെ കത്തു മുഖേന ആവശ്യപ്പെടുകയുണ്ടായി. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 26.03.2008-ന് ചേർന്ന യോഗം ഈ വിഷയം ചർച്ച ചെയ്ത് അപ്രകാരം തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2007-08 വാർഷിക പദ്ധതി വിഹിതത്തിൽ ചെലവാകാതെ ബാക്കിയുള്ള തുകയിൽ നിന്ന് കുടിശിക അടയ്ക്കാൻ നിർദ്ദേശം നൽകാവുന്നതാണെന്ന് ഗവൺമെന്റിലേക്ക് ശുപാർശ നൽകിയിട്ടുണ്ട്.

3. കോഓർഡിനേഷൻ സമിതിയുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. അതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇൻഫർമേഷൻ കേരള മിഷന്റെ ചുമതലയിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിയ വകയിൽ കൊടുത്തു തീർക്കുവാനുള്ള തുക, 2007-08 ലെ പൊതുവിഭാഗം വികസന ഫണ്ടിൽ ഉള്ള തുകയിൽ നിന്ന് നൽകുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇൻഫർമേഷൻ കേരള മിഷന് തുക നൽകുന്നതിനുള്ള പ്രോജക്ട് 2007-08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ പുതുതായി പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. ജില്ലാ ആസൂത്രണ

സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല. എന്നാൽ പുതുക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ജില്ലാ ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്യണം.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7. ഗ്രാമവികസന കമ്മീഷണർ
8. ഡയറക്ടർ, നഗരകാര്യവകുപ്പ്
9. പഞ്ചായത്ത് ഡയറക്ടർ
10. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ കളക്ടർ ( ആസൂത്രണ സമിതി സെക്രട്ടറി) മാർക്കും
13. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
14. എക്സിക്യൂട്ടീവ് ചെയർമാൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർക്കും
16. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർക്കും
17. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
18. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
19. ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
20. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
21. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
22. സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
24. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

<u>പകർപ്പ് :</u>

25. തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
26. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ
27. തദ്ദേശ സ്വയംഭരണ എഫ്. എം/ഡി.എ സെക്ഷനുകൾക്ക്
28. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

**സെക്ഷൻ ഓഫീസർ**